**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 309** **05-08-2021 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . ടി. വി. ഇബ്രാഹിം | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കരുവന്നൂർ സഹകരണ ബാങ്കിൽ നാല്പത്തിയാറ് വ്യക്തികളുടെ പേരിൽ വായ്പ എടുത്ത ഇരുപത്തിരണ്ട് കോടി എൺപത്തിയഞ്ച് ലക്ഷം രൂപ ഒരു വ്യക്തിയുടെ അക്കൗണ്ടിലേക്ക് വരവ് വെച്ചതായി സഹകരണ വകുപ്പിന്റെ ഓഡിറ്റിംഗിൽ കണ്ടെത്തിയിട്ടുണ്ടോ; | (എ) | സഹകരണ വകുപ്പിന്റെ ആഡിറ്റിൽ കണ്ടെത്തിയിട്ടില്ല. ബാങ്കിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം നടന്ന അന്വേഷണത്തിൽ 46 വ്യക്തികളുടെ പേരിൽ ഉള്ള വായ്പ ഒരാളുടെ SB അക്കൗണ്ട് കണക്കുമായി ബന്ധപ്പെട്ട് കാണുന്നു. അതിൽ 8.35 കോടി രൂപ ഒരു വ്യക്തിയുടെ അക്കൗണ്ടിലേയ്ക്ക് വരവ് വെച്ചതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഈ ബാങ്കിന്റെ കീഴിലുള്ള സൂപ്പർ മാർക്കറ്റിലേക്ക് സാധനങ്ങൾ വാങ്ങിയതിന്റെ കണക്ക് പരിശോധിച്ചപ്പോൾ ഒന്നരക്കോടി രൂപയിലധികം കുറവായി കാണുകയുണ്ടായോ; | (ബി) | ബാങ്കിൽ നടത്തിയ വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിൽ ബാങ്കിന്റെ കീഴിലുള്ള സൂപ്പർമാർക്കറ്റിലേക്ക് സാധനങ്ങൾ വാങ്ങി യതിന്റെ കണക്ക് പരിശോധിച്ചപ്പോൾ ഒന്നരക്കോടിയിലധികം രൂപയുടെ കുറവുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ഈ ക്രമക്കേടുകൾ സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (സി) | സഹകരണ നിയമം 65 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ തുടർ നടപടി കളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 32 പ്രകാരം ഭരണസമിതിയെ പിരിച്ചു വിട്ടു. കുറ്റക്കാരായ ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. സർചാർജ് നടപടികൾക്ക് വേണ്ടി സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം അന്വേഷണം നടന്നു വരുന്നു. കൂടാതെ സർക്കാരിന്റെ 24.07.2021 ലെ സ.ഉ.(സാധാ) 451/21/സഹ നമ്പർ ഉത്തരവിൻ പ്രകാരം ടി ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സൂക്ഷ്മപരിശോധന നടത്തുന്ന തിനും കൃത്യസമയത്ത് ക്രമക്കേടുകൾ കണ്ടെത്തുന്നതിൽ വകുപ്പിന്റെ ഭാഗത്തെ വീഴ്ചകൾ ഉൾപ്പെടെ അന്വേഷിക്കുന്നതിനും 9 അംഗങ്ങളടങ്ങുന്ന ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്. ക്രമക്കേട് |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് വിശദമായ പോലീസ് അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ